WEDNESDAY 04/12/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 4/12/2024

1. കർഷക സേവനങ്ങൾ വേഗത്തിലാക്കാൻ കർഷക രജിസ്ട്രി. കൃഷിക്കുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ (അഗ്രി സ്റ്റാക്ക്) ഘടകങ്ങളിലൊന്നാണ് കർഷക രജിസ്ട്രി. കർഷക രജിസ്ട്രി പ്രവർത്തന ക്ഷമമാകുന്നതിന്റെ ഫലമായി സർക്കാർ പദ്ധതികൾ വേഗത്തിലും, സുതാര്യമായും കർഷകർക്ക് ലഭ്യമാകുന്നു. കൂടാതെ പേപ്പർ രഹിതവും സുഗമവുമായുള്ള വിള വായ്പകൾ, തടസ്സങ്ങളില്ലാതെയുള്ള വിള സംഭരണം തുടങ്ങിയവ കർഷകർക്ക് ഗുണകരമായ രീതിയിൽ ലളിതവത്ക്കരിക്കുന്നതിനായുള്ള കർഷക കേന്ദ്രീകൃത ഡിജിറ്റൽ പരിഹാരങ്ങൾ വികസിപ്പിക്കാൻ കർഷക രജിസ്ട്രി സഹായിക്കും. കേരളത്തിലെ പി എം കിസാൻ ഗുണഭോക്താക്കൾ ഉൾപ്പെടെ 30 ലക്ഷം കർഷകരെ കർഷക രജിസ്ട്രിയുടെ ഭാഗമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്രസർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിലൂടെ സമർപ്പിക്കുന്ന കർഷകരുടെ വിവരങ്ങൾ ഉപയോഗിച്ച് ദേശീയതലത്തിൽ ജനറേറ്റ് ചെയ്യുന്ന ഒരു കർഷക ഐഡി കർഷകർക്ക് ലഭ്യമാകുന്നു. ഇതുപയോഗിച്ച് കർഷകർക്ക് ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ മറ്റ് രേഖകളൊന്നും കൂടാതെ തന്നെ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാകും. കർഷക രജിസ്ട്രിയുമായി ബന്ധപ്പെട്ട് കൃഷിഭവനിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ തന്നെ കേന്ദ്ര സർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തു ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണിൽ വരുന്ന OTP നല്കി ആധാർ കാർഡ്, തങ്ങളുടെ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ, കരമടച്ച രസീത് എന്നിവയുമായി ഒത്തു നോക്കി ശരിയാണെന്നു ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിൽ പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർഷകർക്ക് കർഷക രജിസ്ട്രിയിൽ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾ ചേർക്കുന്നതിന് സ്വന്തമായി സാധ്യമല്ലെങ്കിൽ അടുത്തുള്ള അക്ഷയ സെന്ററിന്റേയോ, കോമൺ സർവീസ് സെന്ററിന്റേയോ കൃഷിഭവന്റെയോ സഹായം തേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-1661 എന്ന ടോൾ ഫ്രീ നമ്പറിലോ, 0471 -2309122, 2303990, 2968122 എന്നീ ഹെല്പ് ഡെസ്ക് നമ്പരുകളിലോ വിളിക്കേണ്ടതാണ്. കതിർ ആപ്പ് ഡൗൺലോഡ് ചെയ്തും കർഷക രജിസ്ട്രി ചെയ്യാവുന്നതാണ്.

2. കൃഷി വകുപ്പ് 2024 ഡിസംബർ 13,14,15 തീയതികളിൽ ചാലക്കുടി അഗ്രോണോമിക് റിസർച്ച് സ്റ്റേഷനിൽ കാർഷിക മേള സംഘടിപ്പിക്കുന്നു. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഈ കാർഷിക മേളയുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി നിർവഹിക്കുന്നു. കർഷകർക്കും പൊതുജനങ്ങൾക്കും കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുവാനും പുതിയ അറിവുകൾ പങ്കുവെക്കുവാനും ലക്ഷ്യമിടുന്ന മേളയിൽ കാർഷിക ഉൽപ്പന്നങ്ങളുടെയും ഉപകരണങ്ങളുടെയും പ്രദർശനം, വിപണനം, കാർഷിക സെമിനാറുകൾ ക്ലാസ്സുകൾ തുടങ്ങി വിവിധ പരിപാടികളാണ് ഒരുക്കുന്നത്.

3. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, ഇൻസ്ട്രക്ഷണൽ ഫാമിലെ കശുമാവ് കമുക് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശത്തിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. അവസാന തീയതി 16.12.2024. കൂടുതൽ വിവരങ്ങൾക്ക് 0487-2961457 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. സംസ്ഥാനത്ത് ജൈവവളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്ന എല്ലാ ഡീലർമാരും അവരവരുടെ ജൈവ വളം സാമ്പിളുകൾ കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അഗ്രിക്കൾച്ചറിൻ്റെ ഡിപ്പാർട്മെൻ്റ് ഓഫ് സോയിൽ സയൻസ് ആൻഡ് അഗ്രിക്കൾച്ചറൽ കെമിസ്ട്രിയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രവർത്തിച്ചു വരുന്ന ലാബിൽ 2024 ഡിസംബർ 31 നു മുൻപ് എത്തിച്ച് പരിശോധന വിധേയമാക്കേണ്ടതാണ് എന്ന് കൃഷി അഡിഷണൽ ഡയറക്ടർ (സി പി ) അറിയിക്കുന്നു

5. വെള്ളായണി കാർഷിക കോളേജിലെ പി. എച്. ഡി ഗവേഷണ പഠനവുമായി ബന്ധപ്പെട്ട് പുലാസൻ മരങ്ങളുടെ വർഗ്ഗീകരണത്തിനായി പുലാസൻ മരങ്ങൾ കൃഷി ചെയ്തിട്ടുള്ള വ്യക്തികൾ താഴെ കൊടുത്തിട്ടുള്ള ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ വാട്സ്അപ്പ് സന്ദേശം അല്ലെങ്കിൽ ഇ-മെയിൽ അയക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 7904890962 എന്ന ഫോൺ നമ്പരിലോ sristigovindharasu@gmail.com എന്ന മെയിൽ ഐഡിയോ സന്ദർശിക്കുക.

**പരിശീലന പരിപാടി**

6. വെള്ളാനിക്കര ഇൻസ്ട്രക്ഷണൻ ഫാമിൽ വച്ച് ഡിസംബർ മാസം 6, 7 **തീയതികളിൽ നഴ്സറി പരിപാലനവും പ്രജനന രീതികളും** എന്ന വിഷയത്തിലും, **പത്താം തീയതി പച്ചക്കറി വിളകളിലെ കൃത്യത കൃഷി രീതി** എന്ന വിഷയത്തിലും **28ന് അക്വാപോണിക്സ്** എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0487 2961457 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം